# പീഡാനുഭവഗാനം

# നിധീരിക്കൽ മാണിക്കത്തനാർ

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## പല്ലവി

എന്തോ നീ തിരഞ്ഞു വന്നീ
വൻപാപിയുള്ളിൽ,
എന്തോ നീ തിരഞ്ഞു വന്നു.

## ചരണങ്ങൾ

1. എന്താ നിൻ തിരുപ്പാദ-
ചെന്താർകളാണിപ്പെട്ടി-
ട്ടന്തമില്ലാത്ത രക്തം
ചിന്തിക്കീരൊഴുകുന്നു.... എന്തോ.

2. ദുഷ്ടവഴിക്കു ഞങ്ങ-
ളിഷ്ടംപോൽ നടന്നു നിൻ
ശിഷ്ടപാദങ്ങൾക്കാണീ
കഷ്ടമേ തറച്ചല്ലോ .... എന്തോ.

3. കല്ലിന്മേൽ വീണു നിന്റെ
പുല്ലൂരി മുട്ടുംപൊട്ടി
വല്ലാതെ മുറിപ്പെട്ടി-
ട്ടെല്ലുകൾ വെളിപ്പെട്ടു.... എന്തോ.

4. വെള്ളപ്പൂന്തുടകളിൽ
കൊള്ളിച്ചോരടികളാൽ
തുള്ളിപ്പോയ് തോലും മാംസ-
മെള്ളോളമിടയില്ല.... എന്തോ.

5. മുട്ടാടിൻ തോലുരിഞ്ഞു
വിട്ടോണം നിന്റെ നെഞ്ചിൻ-
കൊട്ടയും തോലുരിയ-
പ്പെട്ടപോൽ കാണുന്നല്ലോ..... എന്തോ.

6. പക്ഷം നിറഞ്ഞ നിന്റെ
വക്ഷസ്സും ഞങ്ങൾ പാപ
ശിക്ഷയ്ക്കായ് തുറന്നിട്ടും
പക്ഷത്തെ കാട്ടുന്നല്ലോ... എന്തോ.

7. ദന്തം കടഞ്ഞപോലെ
ചന്തം തുളുമ്പും കൈകൾ
കുന്തം പോലാണിയേറ്റു
ചിന്തുന്നു രക്തമേറ്റം..... എന്തോ.

8. കൈകണക്കില്ലാതെ ഞാൻ
ചെയ്ത പാപങ്ങൾ നിന്റെ
കൈകളെ കുരിശിന്മേൽ
അയ്യോ തറച്ചീവണ്ണം..... എന്തോ.

9. കുണ്ഠിതം ചങ്കിനേകും
കണ്ഠവും ദുഷ്ടർക്കുള്ള
കണ്ഠക നഖങ്ങളെ
കൊണ്ടേറ്റം മുറിവേറ്റു..... എന്തോ.

10. വാനവർ കണ്ണിന്നേറ്റ-
മാനന്ദമേറും നിന്റെ
ആനനമടികളാൽ
താനേ നിലച്ചുവീങ്ങി.... എന്തോ.

11. മണ്ണിൽ തുപ്പിക്കുരുടർ
കണ്ണുകൾ തെളിച്ചു നിൻ
കണ്ണിലും തുപ്പി യൂദർ
ദണ്ഡിപ്പിച്ചേറ്റം നിന്നെ .... എന്തോ.

12. കുപ്പയെപ്പോലെ നീചർ
തുപ്പലാൽ നനച്ചു നിൻ
ഒപ്പമില്ലാത്ത മുഖ-
മിപ്പോ ളീഭാഷയാക്കി... എന്തോ.

Christian Musicological Society of India

www. TheCMSIndia.org

# പീഢാനുഭവഗാനം

# നിധീരിക്കൽ മാണിക്കത്തനാർ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

13. താബോർ മലമേൽ സൂര്യ
വാവുപോൽ കണ്ടമുഖം
ഭാവം പകർന്നു മങ്ങി-
ച്ചാവിന്റെ രൂപമായി.... എന്തോ.

14. മുള്ളിൻമുടി നിൻ തല-
യ്ക്കുള്ളിൽ നിന്നൊഴുക്കീടും
വെള്ളം പോൽവരും രക്ത-
മുള്ളം തകർക്കുന്നയ്യോ.... എന്തോ.

15. മോഹത്തിൻ ഞങ്ങൾക്കുള്ള
ദാഹത്തെ നീക്കാൻ നിന്റെ
ദേഹത്തെ ബലിയാക്കി
സ്നേഹത്തെകാട്ടിക്കൊണ്ടു.... എന്തോ.

16. സ്വർലോകമേട്ടിൽ നിന്റെ
നല്ലോരാട്ടിൻകൂട്ടത്തെ
എല്ലാം വീട്ടി ദുഃഖാബ്ധി
ക്കല്ലോലകൂട്ടിൽ വന്നു.... എന്തോ.

17. പൊയ് പോയോരാടാമെന്ന
ഇപ്പോലെ തേടിക്കണ്ടു
കെല്പോടെ തോളിലേറ്റി
മേല്പോട്ടുയർത്തീടാനോ.... എന്തോ.

18. അപ്പാ! നീ തന്ന ദ്രവ്യ-
മെപ്പേരും നശിപ്പിച്ചു
പിൽപാടു വലഞ്ഞേറ്റ-
മിപ്പോൾ നിൻ കാല്ക്കൽ വന്നേൻ..... എന്തോ.

19. പുത്രനെന്നുള്ള പേരി-
നെത്രയുമയോഗ്യൻ ഞാൻ
വസ്ത്രവും കീറിനാറി
അത്രവന്നടിമയായ്... എന്തോ.

20. ആട്ടിക്കളയാതെതന്നെ
കൂട്ടണം നിന്റെ ദാസർ
കൂട്ടത്തിന്മേലും മേവാൻ
കാട്ടേണം കൃപയെന്നിൽ... എന്തോ.

21. നിത്യപിതാവിനും തൻ
സത്യസൂനോ നിനക്കും
സ്തുത്യനാം റൂഹായിക്കും
നിത്യവും സ്തുതിസ്തോത്രം.... എന്തോ.

മാണിക്കത്തനാർ വികാരിയായിരുന്ന കാലത്തു ഒരു ദുഃഖവെള്ളിയാഴ്ച കുറവിലങ്ങാട് പള്ളിയിൽ കുട്ടികളെ കൊണ്ട് പാടിച്ച ഗാനം. വൈദ്യശാസ്ത്രത്തിൽ അതുല്യ പ്രതിഭയായിരുന്ന മാണിക്കത്തനാർ ഈശോയുടെ തിരുഹൃദയത്തിൽ ആശ്രയിച്ചുകൊണ്ടാണ് രോഗികൾക്ക് ഔഷധങ്ങൾ നൽകിയിരുന്നത്. മാണിക്കത്തനാർ രചിച്ച ഈ ഗാനം പ്രിയ ശിഷ്യനായിരുന്ന മാർ തോമസ് കുര്യാളശ്ശേരി പിതാവ് അദ്ദേഹം രചിച്ച "ഈശോയുടെ തിരുഹൃദയ വണക്കം" എന്ന ഗ്രന്ഥത്തിൽ അനുബന്ധമായി ചേർത്ത് പ്രസിദ്ധീകരിച്ചു. പഴയ തലമുറയിലെ ക്രിസ്തവർക്ക് ഈ ഗാനം മനഃപാഠമായിരുന്നു. (വി.സി.ജോർജ്, മാണിക്കത്തനാർ പേജ് 636 - 39 )

Christian Musicological Society of India
www.TheCMSIndia.org